പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2811 20/03/2015 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## മലപ്പുറം ജില്ലയിലെ ഭൂമിയുടെ പോക്ക് വരവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. അടൂർ പ്രകാശ്. (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിൽ ഭൂമിയുടെ പോക്കുവരവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് തീരുമാനം ആകാത്ത എത്ര അപേക്ഷകളുണ്ടെന്നുള്ള വിവരം താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (എ) ഏറനാട് 710<br>പെരിന്തൽമണ്ണ 150<br>തിരൂരങ്ങാടി 2453<br>നിലമ്പൂർ 1203<br>കൊണ്ടോട്ടി 1255<br>പൊന്നാനി 1<br>തിരൂർ 3383 |
| (ബി) ഇത് സംബന്ധിച്ചുണ്ടായിട്ടുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ: | (ബി) നിരവധി അപേക്ഷകൾ ഒരേ സമയം വരുന്നതും അപേക്ഷകളുടെ ബാഹുല്യവുമാണ് കാലതാമസത്തിന് കാരണം. കാലതാമസം കൂടാതെ പോക്കുവരവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മലപ്പുറം ജില്ലയിലെ 138 വില്ലേജുകളിലായിട്ടാണ് മേൽപ്പറഞ്ഞ അപേക്ഷകൾ ഉള്ളത്. |
| (സി) പോക്ക് വരവ് നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ: | (സി) പോക്കുവരവ് നടപടികൾ വേഗത്തിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ഫയലുകൾ കെട്ടിക്കിടക്കുന്ന താലൂക്കുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ? | (ഡി) നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ